പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3081 — 21/06/2013-ൽ മറുപടിയ്ക്ക്

## ഹരിത മൊബൈൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ഹരിത മൊബൈൽ പദ്ധതി ഇപ്പോൾ ഏതെല്ലാം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) ഹരിത മൊബൈൽ പദ്ധതി തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ | ബി) ജനങ്ങൾ തിങ്ങിപാർക്കുന്ന നഗരപ്രദേശങ്ങൾ, സർക്കാർ സമുച്ചയങ്ങൾ, റസിഡൻസ് അസ്സോസിയേഷനുകൾ എന്നിവിടങ്ങളിൽ ഗുണമേന്മയേറിയ പഴം പച്ചക്കറികൾ ന്യായമായ വിലക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ഹരിത മൊബൈൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്. |
| സി) പച്ചക്കറികൾ സംഭരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | സി) കേരളത്തിലെ കർഷകർ, കർഷകസംഘങ്ങൾ, സംഘമൈത്രി, വി.എഫ്.പി.സി.കെ, സംഘമൈത്രിഎന്നിവിടങ്ങളിൽ നിന്നും കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ ന്യായമായ വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ച് വരുന്നു. ഇത് കൂടാതെ കേരളത്തിൽ ലഭ്യമല്ലാത്ത പഴം പച്ചക്കറികൾ അയൽസംസ്ഥാനങ്ങളിൽ കർഷകരിൽ നിന്നും സംഭരിച്ച് വരുന്നു. |
| ഡി) ഹരിത മൊബൈൽ പദ്ധതി മണ്ഡലം തലത്തിൽ നടപ്പാക്കാനും മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ വാഹനങ്ങൾ വഴി ന്യായവിലയ്ക്ക് പച്ചക്കറികൾ എത്തിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | ഡി) ഹോർട്ടികോർപ്പിന്റെ സാമ്പത്തിക സ്ഥിതിയും പ്രാദേശിക ആവശ്യങ്ങൾ കണക്കിലെടുത്തും 'ഹരിത മൊബൈൽ' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ